# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 183**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

കുട്ടികളെ ശരിയായ മാർഗ്ഗനിർദ്ദേശം നൽകി ഉത്തമമായ ജീവിതപാതയിലേക്ക് നയിക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാണ്. ചെറിയ പ്രായത്തിൽ തന്നെ അവർക്ക് ധാർമ്മികതയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നത് നമ്മുടെ പ്രധാന ഉത്തരവാദിത്വമാണ്. ക്രിസ്തീയ മൂല്യങ്ങളിൽ അടിയുറച്ച അറിവും ബോധവും കുട്ടികളിൽ വളരേണ്ടത് അത്യാവശ്യമാണ്. പ്രസ്തുത ലക്ഷ്യപ്രാപ്തിക്കായി എല്ലാ വർഷവും ജൂൺ മാസം ആദ്യ ഞായറാഴ്ച വിദ്യാലയവർഷാരംഭ സ്തോത്ര ശുശ്രൂഷ നമ്മുടെ ഇടവകകളിൽ ക്രമീകരിച്ചുവരികയാണല്ലോ. ഈ വർഷം ജൂൺ മാസം 7–ാം തീയതിയാണ് വിദ്യാലയ വർഷാരംഭ സ്തോത്രശുശ്രൂഷയ്ക്കായി സഭ വേർതിരിച്ചിരിക്കുന്നത്.

**യേശു: ജീവിതത്തിലെ ആത്യന്തിക സ്വാധീനം** എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. മനുഷ്യ ജീവിതത്തെ സമഗ്രമായി മാറ്റിമറിക്കുന്നതും ദിശാബോധം നൽകുന്നതും യേശുക്രിസ്തുവിന്റെ സ്വാധീനമാണ്. അറിവ് മാത്രമല്ല, ജീവിതത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്ന മൂല്യങ്ങളും വിശ്വാസവും വിദ്യാർത്ഥികളിൽ വളരേണ്ടതാണ്. യേശുവിന്റെ ഉപദേശങ്ങളും ജീവിത മാതൃകയും അവരുടെ ചിന്തയിലും പ്രവൃത്തിയിലും പ്രതിഫലിക്കേണ്ടതാണ്.

ഇന്നത്തെ സമൂഹത്തിൽ കുട്ടികളും യുവാക്കളും വിവിധ ആകർഷണങ്ങളും വെല്ലുവിളികളും നിറഞ്ഞ സാഹചര്യങ്ങളിൽ ജീവിക്കുകയാണ്. തെറ്റായ സ്വാധീനങ്ങളിൽപ്പെടാതെ, ശരിയായ ജീവിതദിശയിൽ മുന്നേറാൻ അവരെ നയിക്കേണ്ടത് സഭയുടെയും സമൂഹത്തിന്റെയും കടമയാണ്. ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതമാണ് അവരെ സ്ഥിരതയിലേക്കും വിജയത്തിലേക്കും നയിക്കുക, അതിനായി അവർക്ക് ആവശ്യമായ പരിശീലനം നൽകണം.

ഇടവകയിലെ കുഞ്ഞുങ്ങൾക്ക് വിദ്യാരംഭം കുറിക്കുന്നതിനുള്ള ക്രമീകരണം ഓരോ ഇടവകയിലും വികാരിയുടെ നേതൃത്വത്തിൽ നിർവ്വഹിക്കാവുന്നതാണ്. സ്തോത്രശുശ്രൂഷ ഓരോ രാജ്യത്തെയും സംസ്ഥാനത്തെയും വിദ്യാലയ വർഷം ആരംഭിക്കുന്നതനുസരിച്ച് ക്രമീകരിക്കാവുന്നതാണ്.

വിദ്യാഭ്യാസത്തിനായി വിദേശത്തും വിവിധ സംസ്ഥാനങ്ങളിലും കഴിയുന്ന നമ്മുടെ കുട്ടികൾക്കും യുവാക്കൾക്കും ആത്മീയ പിന്തുണയും ക്രിസ്തീയ പരിപോഷണവും ലഭ്യമാക്കുന്നതിൽ അതത് പ്രദേശത്തുള്ള ഇടവകകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

‘‘യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു’’ എന്ന തിരുവചന സത്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം ആരംഭിക്കുന്നതിനും അവരുടെ ഭാവി ജീവിതത്തിനു എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകുന്നതിനും ഏവരും പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 മെയ് 08 – ാം തീയതി തിരുവല്ല പൂലാത്തിനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 183**

*Blessings to all the Vicars, resident clergy, trustees and members of all the parishes under our authority.*

Dearly beloved in Christ,

The fundamental goal of education is to guide children along the right path by providing them with proper direction. It is our paramount responsibility to instill education focused on morals in them from an early age. Their journey of learning should begin by being firmly rooted in Christian principles. To achieve this goal, every year on the first Sunday of June, thanksgiving services are organized in our parishes in connection with the commencement of the academic year. This year, the Church has set apart June 7th for the opening of the school year.

"**Jesus: The Ultimate Influencer**" is the theme for this year. The influence of Jesus Christ is what transforms human life completely and provides true direction and purpose. Students should grow not only in knowledge, but also in values and faith that determine the quality of life. The teachings of Jesus and the example of His life should be reflected in their thoughts and actions.

In today's society, children and youths live in circumstances filled with various attractions and challenges. It is the responsibility of the Church and society to guide them in the right direction of life so that they may not fall under harmful influences. A life grounded in the Word of God will lead them towards stability and success, and therefore they must be given the necessary guidance and training for the same.

The initiation of education for our children in each parish should be arranged under the leadership of the Vicars concerned. The thanksgiving service can be arranged according to the beginning of the academic year in each country and state.

It is desirable that the respective Parishes in the regions where children and youths are pursuing higher studies provide the necessary fellowship and Christian upbringing to them.

We exhort you to pray that the education of our children may begin on the foundation of the divine truth, "The fear of the Lord is the beginning of wisdom", and that their future lives may be blessed in every way.

May the grace of our Lord Jesus Christ be with you all.

Dated 8th May 2026 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**